## കേരള ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (A&T) യുടെ നടപടിക്രമങ്ങൾ

വിഷയം :- ആ.വ.ഡ – ഇടുക്കി ജില്ലയിലെ പി. എച്ച്. സി ദേവിയാർ കോളനിയിലെ JPHN Gr. 2 ആയ ശ്രീമതി. ജെസ്സിമോൾ ജോസഫിന്റെ സീനിയോറിറ്റി പട്ടികയിലെ സ്ഥാനം പുനഃക്രമീകരിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവ് –

സൂചന :-
1. കത്ത് നമ്പർ. എ3-1878/2019/ജി.മെ.ഒ(ആ), ഇടുക്കി, തീയതി. 23.10.2020
2. ഉത്തരവ് നം. FW(Spl. Cell) 61647/07/DHS, Dt: 10.08.2009
3. ഈ ഓഫീസിലെ ഇതേ നമ്പർ നോട്ടീസ് , തീയതി. 19.11.2020

## ഉത്തരവ് നമ്പർ ഇ.എസ്5/60209/2019/ആ.വ.ഡ തീയതി. 10/12/2020

ഇടുക്കി ജില്ലയിലെ ദേവിയാർ കോളനി പി. എച്ച്. സിയിൽ JPHN Gr. 2 ആയി ജോലി ചെയ്തുവരുന്ന ശ്രീമതി. ജെസ്സിമോൾ ജോസഫ്, JPHN Gr. II സീനിയോറിറ്റി പട്ടികയിലെ ടിയാളുടെ സ്ഥാനം പുനഃക്രമീകരിക്കേണ്ടതിനായി ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തിരം സൂചന 1 പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

ടിയാളുടെ അപേക്ഷയും അനുബന്ധ രേഖകളും വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാൻ PSC Advice C1 (1) 1397/96, Dt: 16.12.2000,KPSC,KNR പ്രകാരം ടിയാൾ 25.01.2001 ൽ JPHN Gr. II ആയി ജോലിയിൽ പ്രവേശിക്കുകയും സൂചന 2 ഉത്തരവ് പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിൽ (21.01.1994 മുതൽ 31.12.2006 വരെ) റാങ്ക് നമ്പർ 2052 ആയി ഉൾപ്പെടുകയും ചെയ്തു.

എന്നാൽ സർക്കാർ ഉത്തരവ് നമ്പർ. 3687/2005/ആ.കു.വ തിരുവനന്തപുരം തീയതി. 23.12.2005 പ്രകാരം കണ്ണൂർ ജില്ലയിൽ നിന്ന് ഇടുക്കി ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം നേടുകയും മേൽ സീനിയോറിറ്റി സ്ഥാനം നഷ്ടപ്പെടുകയും ചെയ്തു. ടിയാൾ ഇടുക്കി ജില്ലയിൽ ജോലിയിൽ പ്രവേശിച്ച 13.02.2006 തീയതി വച്ച് ശ്രീമതി. ജെസ്സി മോൾ ജോസഫിന് 21.01.1994 മുതൽ 31.12.2006ല വരെയുള്ള കാലയളവിലെ JPHN Gr. 2 ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ നൽകിയിരുന്ന 2052 സ്ഥാനം റദ്ദ് ചെയ്ത് 3424 A എന്ന സ്ഥാനം താത്ക്കാലികമായി നൽകുവാൻ തീരുമാനിച്ച് സൂചന 3 പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. ടി വിഷയത്തിന്മേൽ ആക്ഷേപങ്ങളോ പരാതികളോ ഉണ്ടെങ്കിൽ സമർപ്പിക്കുവാൻ കൃത്യമായ സമയം നൽകിയിരുന്നെങ്കിലും നാളിതുവരെ യാതൊരുവിധ ആക്ഷേപങ്ങളോ പരാതികളോ ലഭിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ ശ്രീമതി. ജെസ്സി മോൾ ജോസഫിന് സൂചന 2 പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ നൽകിയിരുന്ന 2052 സ്ഥാനം റദ്ദ് ചെയ്തും 3424 A എന്ന സ്ഥാനം പുനഃനിർണ്ണയിച്ച് നൽകിയും ചുവടെ പട്ടികയിൽ സൂചിപ്പിക്കുംവിധം ഉൾപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

Annexure – A

20.01.1994 മുതൽ 31.12.2006 വരെയുള്ള കാലയളവിലെ JPHN Gr. II ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ സ്ഥാനം പുനഃക്രമീകരിച്ച പട്ടിക

| Sl. No | Name | PEN No | Date of Birth | Qualification | Date of joining | PSC Advice Order No & Date | Date assigned for seniority | New rank no in seniority list JPHN Gr. II | Old Rank in JPHN Gr. II Seniority list | Remarks |
|---|---|---|---|---|---|---|---|---|---|---|
| 1 | **Jessymol Joseph** | **328540** | **20.05.1970** | **SSLC, ANM** | **25.01.2001** | C1 (1) 1397/96, Dt: 16.12.2000, KPSC,KNR | **13.02.2006** | **3424 A** | 2052 | Rank reassigned as 3424 A, Due to IDT on 13.02.2006 |

ഒപ്പ്/-
ഡോ. സെമീറ എ.
ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (A&T)

സ്വീകർത്താവ്

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസമാർക്കും
   (ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)
2. മെഡിക്കൽ ഓഫീസർ i/c
   പി. എച്ച്. സി ദേവിയാർ കോളനി, ഇടുക്കി

പകർപ്പ്

1. ശ്രീമതി.ജെസ്സി മോൾ ജോസഫ്, JPHN Gr.2
   പി. എച്ച്. സി ദേവിയാർ കോളനി
   (ഉചിതമാർഗ്ഗേന)
2. സൂപ്രണ്ട്, എഫ്. ഡബ്ല്യൂ എ സെക്ഷൻ
3. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്